റ്റിഎ(1)4104/2011

കൃഷിഡയറക്ടറാഫീസ്,
തിരുവനന്തപുരം
തിയ്യതി 04.02.2011.

# സർക്കുലർ

വിഷയം:- കൃഷി വകുപ്പ് സംസ്ഥാന ജൈവ കാർഷീക നയം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 17.01.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 22/2011/കൃഷി

കാർഷീക മേഖലയിൽ കീടനാശിനികളുടെ അമിതവും വിവേചന രഹിതവുമായ ഉപയോഗം മൂലം മനുഷ്യർക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കീടനാശിനികളുടെ ഉപയോഗം ആവശ്യാധിഷ്ഠിതവും ശാസ്ത്രീയവുമായി പരിമിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി മേൽ സൂചന അനുസരിച്ച് സർക്കാർ ഉത്തരവായിരിക്കുന്നു. കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ.

സർക്കാർ ഉത്തരവ് പൂർണ്ണമായും നടപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സർക്കാർ ഉത്തരവിന്റെ പകർപ്പ് ജില്ലയിലെ എല്ലാ കൃഷി ഓഫീസർമാർക്കും മറ്റ് ടെക്നിക്കൽ ഓഫീസർമാർക്കും എല്ലാ കീടനാശിനി ഡിപ്പോ ഡീലർമാർക്കും കാർഷീക മേഖലയുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകേണ്ടതാണ്.
2. കീടനാശിനി വിൽപ്പനയുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനത്തെക്കുറിച്ച് എല്ലാ കർഷകരേയും കീടനാശിനി വിൽപ്പന നടത്തുന്നവരേയും കർഷക തൊഴിലാളികളെയും ബോധവൽക്കരിക്കേണ്ടതാണ്. നോട്ടീസുകൾ വിതരണം നടത്തിയും പോസ്റ്ററുകൾ കൃഷി ഭവനുകളിൽ പ്രദർശിപ്പിച്ചും ബോധ വൽക്കരണം നടത്തേണ്ടതാണ്.
3. കീടനാശിനി ഡിപ്പോ ഡീലേഴ്സിന്റെ ഒരു യോഗം അടിയന്തിരമായി വിളിച്ചു ചേർക്കേണ്ടതും സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതും. ഉത്തരവ് പാലിക്കാത്ത പക്ഷം ഉണ്ടാകുന്ന ഭവിഷ്യത്തുകളും നടപടികളും സംബന്ധിച്ച് ബോധവൽക്കരിക്കേണ്ടതുമാണ്.
4. സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നുണ്ട് എന്നു ഉറപ്പുവരുത്തുന്നതിന്റെയും പരിശോധിക്കേണ്ടതിന്റെയും ഇതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതിന്റെയും പൂർണ്ണമായ ഉത്തരവാദിത്വം (ജില്ലാ തലത്തിൽ / ബന്ധപ്പെട്ട ഡിഡിഎ(റ്റി) നം: എ.ഡി.എ (ക്യു.സി)-മാർക്കുമായിരിക്കും.
5. സർക്കാർ ഉത്തരവിന്റെ പകർപ്പ് കേരള കാർഷീക സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കും ഐ.ഡി.എ.ആർ സ്ഥാപനങ്ങൾക്കും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനും, പ്ലാന്റേഷൻ കോർപ്പറേഷൻ, റബ്ബർ ബോർഡ് കോഫി ബോർഡ്, ടീ ബോർഡ്, ഏലം ബോർഡ്, മുതലായ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണ്.

എല്ലാ പ്രിൻസിപ്പൽ ഓഫീസർമാരും സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ സർക്കുലർ കൈപ്പറ്റിയതായുള്ള രസീത് അയച്ചുതരേണ്ടതാണ്.

ഒപ്പ്
കൃഷി ഡയറക്ടർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
Etc.